# സ്വവർഗാനുരാഗം - മുൻവിധികളും വസ്തുതകളും

പ്രധാനമായും തന്റെയതേ ലിംഗത്തിൽ പെട്ടവരോട് വൈകാരിക ആകർഷണവും ലൈംഗികാഭിമുഖ്യവും തോന്നുന്നതിനെയാണ് സ്വവർഗാനുരാഗം എന്നു വിളിക്കുന്നത്. സ്വവർഗാനുരാഗം അസാധാരണമല്ലെങ്കിലും അതിനെക്കുറിച്ച് വളരെയേറെ മുൻവിധികളും തെറ്റിദ്ധാരണകളും നിലനിൽക്കുന്നുണ്ട്. ഈ അജ്ഞത പലപ്പോഴും സ്വവർഗാനുരാഗികൾക്കെതിരായ വിവേചനങ്ങൾക്കും അക്രമങ്ങൾക്കും നിയമനിർമാണങ്ങൾക്കുമൊക്കെ കാരണമാകാറുമുണ്ട്. തങ്ങളുടെ ലൈംഗികാഭിമുഖ്യത്തിന്റെ ശരിതെറ്റുകളെക്കുറിച്ചുള്ള അറിവില്ലായ്മയും ആശങ്കകളും പല സ്വവർഗാനുരാഗികളെയും കടുത്ത മാനസികസംഘർഷത്തിലേക്കും, ലഹരിയുപയോഗത്തിലേക്കും, ചിലപ്പോഴൊക്കെ ആത്മഹത്യയിലേക്ക് പോലും നയിക്കാറുണ്ട്. അതുകൊണ്ടൊക്കെത്തന്നെ സ്വവർഗാനുരാഗത്തെക്കുറിച്ചുള്ള ശാസ്ത്രീയകണ്ടെത്തലുകളുടെ ഒരു അവലോകനം പ്രസക്തമാണ്.

## ലൈംഗികാഭിമുഖ്യത്തെപ്പറ്റി ചിലത്

മിക്ക ആളുകളിലും സ്വലിംഗത്തോടും എതിർലിംഗത്തോടുമുള്ള ആകർഷണം കുറഞ്ഞ അളവിലെങ്കിലും ഉണ്ടാവാം. അതുകൊണ്ടുതന്നെ സ്വവർഗാനുരാഗവും പരലൈംഗികാഭിമുഖ്യവും തമ്മിലുള്ള അതിർത്തി കണിശമായി നിർവചിക്കാൻ പലപ്പോഴും ബുദ്ധിമുട്ടാണ്. തന്റെ ലൈംഗികാഭിമുഖ്യം ഒരു വ്യക്തിയും അറിഞ്ഞുകൊണ്ട് തെരഞ്ഞെടുക്കുന്നതല്ല. ഭൂരിപക്ഷത്തിന്റെയും ലൈംഗികാഭിമുഖ്യം അവരുടെ ആദ്യ ലൈംഗികാനുഭവത്തിനു മുമ്പു തന്നെ അവർ പോലുമറിയാതെ രൂപപ്പെടുന്നതാണ്. സ്വവർഗാനുരാഗം എന്നൊന്നുണ്ടെന്ന് ആദ്യമായി അറിയുന്നതിനു മുമ്പു തന്നെ ചില കുട്ടികളിൽ സ്വവർഗാനുരാഗം രൂപപ്പെടാറുണ്ട്. ദീർഘകാലം പ്രയത്നിച്ചാലും തങ്ങളുടെ ലൈംഗികാഭിമുഖ്യം മാറ്റിയെടുക്കാൻ പലർക്കും കഴിയാറില്ല. അതേ സമയം ചിലരിലെങ്കിലും പ്രായം ചെല്ലുന്നതിനനുസരിച്ച് ലൈംഗികാഭിമുഖ്യത്തിൽ മാറ്റം വരാറുമുണ്ട്.

സ്വവർഗരതിയും സ്വവർഗാനുരാഗവും ഒന്നല്ല. ഇടക്കെപ്പോഴെങ്കിലും സ്വവർഗരതിയിൽ എർപ്പെടുകയോ അത്തരം പകൽക്കിനാവുകൾ കാണുകയോ ചെയ്യുന്നതു കൊണ്ട് മാത്രം ഒരാൾ സ്വവർഗാനുരാഗിയാകുന്നില്ല. കൌമാരത്തിൽ സാന്ദർഭികവശാൽ സ്വവർഗരതിയിൽ എർപ്പെടുന്നവർ സ്വവർഗാനുരാഗികളായി വളരണമെന്നില്ല. പരലൈംഗികാഭിമുഖ്യമുള്ളവർക്ക് എതിർലിംഗത്തിൽപ്പെട്ട എല്ലാവരോടും അനുരാഗം തോന്നാത്തതു പോലെ തന്നെ സ്വവർഗാനുരാഗികൾക്കും ആ ലിംഗത്തിൽപ്പെട്ട മുഴുവൻ ആളുകളോടുമൊന്നും ആകർഷണം അനുഭവപ്പെടാറില്ല.

## പാപം? രോഗം? സ്വാഭാവികം?

ഒരു കാലത്ത് സ്വവർഗാനുരാഗം ഒരു മനോരോഗമായി പരിഗണിക്കപ്പെട്ടിരുന്നു. അന്നത്തെ മനോരോഗവിദഗ്ദ്ധർക്ക് തങ്ങളുടെയടുത്ത് ചികിത്സ തേടിയെത്തുന്ന സ്വവർഗാനുരാഗികളെക്കുറിച്ചു മാത്രമേ പരിജ്ഞാനമുണ്ടായിരുന്നുള്ളൂ എന്നതാണ് ഈ തെറ്റിദ്ധാരണക്കു കാരണമായത്. എന്നാൽ പൊതുസമൂഹത്തിൽ സ്വവർഗാനുരാഗത്തിന്റെ പ്രചാരം മുൻധാരണകളെക്കാൾ കൂടുതലാണെന്നും, ലൈംഗികാഭിമുഖ്യമൊഴിച്ചുള്ള മനോവ്യാപാരങ്ങൾ സ്വവർഗാനുരാഗികളിലും പരലൈംഗികാഭിമുഖ്യമുള്ളവരിലും

ഒരുപോലെത്തന്നെയാണെന്നും, നാനാവിധത്തിലുള്ള സമൂഹങ്ങളിലും ജീവജാലങ്ങളിലും സ്വവർഗാനുരാഗം നിലനില്പുണ്ടെന്നുമൊക്കെയുള്ള കണ്ടെത്തലുകൾ ഈ സങ്കൽപ്പത്തിൽ ക്രമേണ മാറ്റങ്ങൾ വരുത്തി. 1973-ൽ അമേരിക്കൻ സൈക്ക്യാട്രിക്ക് അസോസിയേഷനും 1975-ൽ അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷനും 1992-ൽ ലോകാരോഗ്യസംഘടനയും സ്വവർഗാനുരാഗം ഒരു രോഗമല്ലെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

## സ്വവർഗാനുരാഗം എന്തല്ല?

സ്വവർഗാനുരാഗികളെ ചില രോഗങ്ങൾ ബാധിച്ചവരിൽ നിന്ന് വേർതിരിച്ചറിയാൻ സാധാരണക്കാർക്ക് പലപ്പോഴും ബുദ്ധിമുട്ടുണ്ടാവാറുണ്ട്. അതിൽ ഒന്നാണ് ജെൻഡർ ഐഡന്റിറ്റി ഡിസോർഡർ. എതിർലിംഗത്തിന്റെ ശരീരവും സാമൂഹ്യസ്ഥാനവും കിട്ടാനുള്ള അടങ്ങാത്ത അഭിനിവേശമാണ് ഈ രോഗത്തിന്റെ പ്രധാനലക്ഷണം. ഈ അസുഖമുള്ള ആൺകുട്ടികൾ മുതിരുമ്പോൾ സ്വവർഗാനുരാഗികളാവാൻ സാദ്ധ്യത കൂടുതലാണെങ്കിലും ഭൂരിപക്ഷം സ്വവർഗാനുരാഗികളും ഈ രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കാറേയില്ല.

ഹിജഡകളെ സ്വവർഗാനുരാഗികളുമായി കൂട്ടിക്കുഴക്കുന്നവരുമുണ്ട്. ഹിജഡകൾ ഭൂരിഭാഗവും ജെന്റർ ഐഡന്റിറ്റി ഡിസോർഡർ ബാധിച്ചവരാണ്. പുരുഷ ലൈംഗികാവയവങ്ങൾ നീക്കം ചെയ്യപ്പെട്ടവരും ജന്മനാ ഇരു ലിംഗങ്ങളുടെയും ലൈംഗികാവയവങ്ങൾ പേറുന്നവരും ഹിജഡകളുടെ ഗണത്തിൽ പെടാറുണ്ട്. സ്വവർഗാനുരാഗം ഈ വിഭാഗങ്ങളുടെയൊന്നും മുഖമുദ്രയല്ല. അതുപോലെ, എതിർലിംഗത്തിൽപ്പെട്ടവരുടെ വസ്ത്രങ്ങളണിയുന്നതിൽ ലൈംഗികസുഖം കണ്ടെത്തുന്നവർക്ക് ട്രാൻസ്‌വെസ്റ്റിസം എന്ന അസുഖമാണുള്ളത്. ഇത്തരക്കാരും സ്വലിംഗത്തിൽപ്പെട്ടവരോട് ലൈംഗികതാല്പര്യം തോന്നുന്നവരല്ല. ഭൂരിപക്ഷം സ്വവർഗാനുരാഗികളും രൂപഭാവങ്ങളിൽ പരലൈംഗികാഭിമുഖ്യമുള്ളവരിൽ നിന്ന് വ്യത്യസ്തരേയല്ല.

സ്വവർഗാനുരാഗികൾ കുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നവരാണെന്ന ധാരണ പ്രബലമാണ്. എന്നാൽ കുട്ടികളെ ലൈംഗികചൂഷണം ചെയ്യുന്നവരിൽ ഭൂരിഭാഗവും പീഡോഫീലിയ എന്ന രോഗം ബാധിച്ചവരോ മനോരോഗമൊന്നുമില്ലാത്ത ക്രിമിനലുകളോ ആണ്. പ്രായപൂർത്തിയാകാത്തവരുമായി ലൈംഗികബന്ധത്തിലേർപ്പെടാനുള്ള നിരന്തരമായ ആസക്തിയുണ്ടാക്കുന്ന അസുഖമാണ് പീഡോഫീലിയ. ഇത്തരക്കാർക്ക് ലൈംഗികപങ്കാളിയുടെ ലിംഗമല്ല, പ്രായമാണ് പ്രധാനം. അതുകൊണ്ടു തന്നെ ഇത് സ്വവർഗാനുരാഗത്തിൽ നിന്ന് വ്യത്യസ്തമാണ്. പീഡോഫീലിയ ബാധിതരല്ലാത്ത ബാലപീഡകരിൽ സ്വവർഗാനുരാഗികൾക്ക് മുൻതൂക്കമില്ലെന്നും പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

## സ്വവർഗാനുരാഗം ആവിർഭവിക്കുന്നത്

എന്തുകൊണ്ട് സ്വവർഗാനുരാഗം രൂപപ്പെടുന്നു എന്നതിന് ഒരു വ്യക്തമായ ഉത്തരം ഇപ്പോൾ ലഭ്യമല്ല. സ്വവർഗാനുരാഗവും പരലൈംഗികതയും തമ്മിലുള്ള അതിർരേഖ അത്ര കൃത്യമല്ല എന്നതും, സ്വവർഗാനുരാഗത്തിലേക്ക് നയിക്കുന്ന ഘടകങ്ങളെക്കണ്ടെത്തിയാൽ ആ ഘടകങ്ങൾ പേറുന്നവർ ഭ്രൂണാവസ്ഥയിൽത്തന്നെ കൊല്ലപ്പെട്ടേക്കാമെന്ന ആശങ്കയുമൊക്കെ ഈ മേഖലയിലെ ഗവേഷണങ്ങൾക്ക് വിഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ലഭ്യമായ വിവരങ്ങൾ വെച്ച്, ജനിതകവും ശാരീരികവും മനശ്ശാസ്ത്രപരവും സാമൂഹികവുമായ ചില ഘടകങ്ങൾ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ തലച്ചോറിലുണ്ടാക്കുന്ന ചില വ്യതിയാനങ്ങളാണ് സ്വവർഗാനുരാഗത്തിന് കാരണമാകുന്നതെന്ന് അനുമാനിക്കപ്പെടുന്നു.

ഒന്നിൽക്കൂടുതൽ ആൺകുട്ടികളുള്ള അമ്മമാർക്ക് ജനിക്കുന്നത്, ഗർഭിണികളിലെ പുകവലിയും ചില മരുന്നുകളുടെ ഉപയോഗവും, പുരുഷഹോർമോണുകളായ ആന്ത്രോജനുകളുടെ അളവിൽ ഗർഭാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ഫെറോമോണുകളുടെ സ്വാധീനം തുടങ്ങിയവ സ്വവർഗാനുരാഗത്തിലേക്ക് നയിച്ചേക്കാമെന്ന് സൂചനകളുണ്ട്. തലച്ചോറിലെ ഇന്റസ്റ്റിഷ്യൽ ന്യൂക്ലിയസ് ഓഫ് ദി ആന്റീരിയർ ഹൈപ്പോതലാമസ്, സുപ്രാഓപ്റ്റിക്ക് ന്യൂക്ലിയസ്, ആന്റീരിയർ കമ്മീഷർ തുടങ്ങിയ ഭാഗങ്ങൾക്ക് സ്വവർഗാനുരാഗത്തിന്റെ ആവിർഭാവത്തിൽ പങ്കുണ്ടാവാമെന്നും വാദങ്ങളുണ്ട്. പക്ഷേ ഇതൊന്നും തന്നെ സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ല.

കുട്ടിക്കാലത്തേൽക്കുന്ന പീഡനങ്ങൾ സ്വവർഗാനുരാഗത്തിലേക്ക് നയിച്ചേക്കാമെന്ന് വാദങ്ങളുണ്ടെങ്കിലും സ്വവർഗാനുരാഗികളിൽ ഏകദേശം പത്തു ശതമാനത്തിനു മാത്രമേ ഇങ്ങിനെയൊരു പൂർവചരിത്രമുള്ളൂവെന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. കുട്ടികളെ വളർത്തുന്ന രീതിയിലെ പിഴവുകൾ സ്വവർഗാനുരാഗത്തിന് കാരണമായേക്കാമെന്ന ആശങ്കക്കും തെളിവുകളുടെ പിൻബലമില്ല.

## ഇല്ലാത്ത രോഗത്തിന് വല്ലാത്ത ചികിത്സ

തങ്ങളുടെയോ പ്രിയപ്പെട്ടവരുടെയോ ലൈംഗികാഭിമുഖ്യം ചികിത്സിച്ചു "മാറ്റുക" എന്ന ആഗ്രഹത്തോടെ ചിലരെങ്കിലും വിദഗ്ധരെ സമീപിക്കാറുണ്ട്. പൊതുമാധ്യമങ്ങളിലും ഇന്റർനെറ്റിലും സ്വവർഗാനുരാഗം ചികിത്സിച്ചു മാറ്റിയെന്ന വാർത്തകൾ പ്രത്യക്ഷപ്പെടാറുമുണ്ട്. എന്നാൽ ഇത്തരം ചികിത്സകളുടെ ഫലപ്രാപ്തി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതല്ലെന്നും, ചികിത്സക്ക് ഒരാളുടെ ലൈംഗികാഭിമുഖ്യത്തിൽ സ്ഥായിയായ മാറ്റമുണ്ടാക്കാനാകുന്നത് അപൂർവമാണെന്നും, ഇത്തരം ചികിത്സകൾ അവക്കു വിധേയരാകുന്നവരിൽ മാനസികവൈഷമ്യങ്ങൾ സൃഷ്ടിച്ചേക്കാം എന്നുമാണ് ഇന്ത്യൻ സൈക്ക്യാട്രിക്ക് സൊസൈറ്റി അടക്കമുള്ള പ്രൊഫഷണൽ സംഘടനകളുടെ നിലപാട്. സ്വവർഗാനുരാഗത്തെക്കുറിച്ച് സമൂഹത്തിലുള്ള തെറ്റിദ്ധാരണകളെ സ്വാംശീകരിക്കുന്നതു കൊണ്ടാണ് പല സ്വവർഗാനുരാഗികളും തങ്ങളുടെ ലൈംഗികാഭിമുഖ്യം മാറ്റിയെടുക്കാൻ തുനിഞ്ഞിറങ്ങുന്നതെന്നും, ആ അബദ്ധധാരണകളെ ദൂരീകരിച്ച് സംതൃപ്തമായ ഒരു ജീവിതം നയിക്കാൻ അവരെ സഹായിക്കുകയാണ് വിദഗ്ദ്ധർ ചെയ്യേണ്ടത് എന്നുമാണ് സൈക്ക്യാട്രിസ്റ്റുമാരുടെയും സൈക്കോളജിസ്റ്റുകളുടെയും പൊതുവായ അഭിപ്രായം.

## ബഹിർഗമനം എന്ത്? എങ്ങിനെ?

സ്വവർഗാനുരാഗിയായ ഒരാൾ തന്റെ ലൈംഗികാഭിമുഖ്യം പരസ്യപ്പെടുത്തുന്നതിനെയാണ് ബഹിർഗമനം എന്നു വിളിക്കുന്നത്. താൻ ഒരു സ്വവർഗാനുരാഗിയാണെന്ന് സ്വയം ബോദ്ധ്യപ്പെടുക, ഇക്കാര്യം മറ്റുള്ളവരോട് വെളിപ്പെടുത്തുക, ഒരു സ്വവർഗാനുരാഗിയെന്ന മേൽവിലാസത്തോടെ ജീവിക്കാൻ തുടങ്ങുക എന്നിങ്ങനെ മൂന്നു ഘട്ടങ്ങളാണ് ബഹിർഗമനത്തിന് ഉള്ളത്. പല സ്വവർഗാനുരാഗികൾക്കും, പ്രത്യേകിച്ച് തങ്ങളുടെ ലൈംഗികാഭിമുഖ്യത്തോട് സ്വയം പൊരുത്തപ്പെട്ടിട്ടില്ലാത്തവർക്ക്, വളരെയധികം സംഘർഷമുണ്ടാക്കുന്ന ഒരു പ്രക്രിയയാണിത്. പക്ഷേ ഭൂരിഭാഗത്തിനും ബഹിർഗമനം അവർ ആശങ്കപ്പെട്ടയത്ര ക്ലേശകരമാവാറില്ലെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. തങ്ങളുടെ ലൈംഗികാഭിമുഖ്യം ഒളിച്ചുവെച്ച് കടുത്ത മാനസികസംഘർഷവും സഹിച്ച് ജീവിക്കുകയോ ലഹരിയിലോ ആത്മഹത്യയിലോ ആശ്വാസം തേടുകയോ ചെയ്യുന്നതിലും നല്ലത് ആലോചിച്ചുറപ്പിച്ച് ബഹിർഗമനം നടത്തുന്നതാണ്. സമാനചിന്താഗതിയുള്ളവരെ കണ്ടെത്തുന്നതിനും കൂടുതൽ വിവരങ്ങളും

സഹായസഹകരണങ്ങളും ലഭ്യമാകുന്നതിനുമെല്ലാം ബഹിർഗമനം സഹായകമാകാറുണ്ട്. ധൃതിപിടിക്കാതെ ആവശ്യമുള്ളത്ര സമയമെടുക്കുന്നതും, സപ്പോർട്ട് ഗ്രൂപ്പുകളുടെയോ മനശാസ്ത്രവിദഗ്ദ്ധരുടെയോ സഹായം തേടുന്നതുമൊക്കെ ബഹിർഗമനം ആയാസരഹിതമാക്കാൻ സഹായിക്കാറുണ്ട്.

## ശാരീരികപ്രശ്നങ്ങളും അവയുടെ പ്രതിരോധവും

സ്വവർഗാനുരാഗികളായ പുരുഷന്മാരിൽ എയ്ഡ്സ്, ഗൊണോറിയ, സിഫിലിസ്, ഹ്യൂമൻ പാപ്പില്ലോമാ വൈറസ്ബാധ, ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ രോഗങ്ങൾ കൂടുതലായി കാണപ്പെടാറുണ്ട്. പങ്കാളിയുടെ സ്രവങ്ങളിലും ലൈംഗികാവയവങ്ങളിലെ മുറിവുകളിലും തൊടാതെ ശ്രദ്ധിച്ചും, കോണ്ടം ഉപയോഗിച്ചും ഈ അസുഖങ്ങളെ ഒരു പരിധിവരെ പ്രതിരോധിക്കാവുന്നതാണ്. മലദ്വാരത്തിലൂടെ ബന്ധപ്പെടുന്നത് ക്യാൻസർ, അർശസ്, ഫിഷർ, പരിക്കുകൾ തുടങ്ങിയ പ്രശ്നങ്ങളിലേക്ക് നയിക്കാറുണ്ട്. സ്വവർഗാനുരാഗികളായ സ്ത്രീകൾക്ക് ലൈംഗികരോഗങ്ങൾ വരാനുള്ള സാദ്ധ്യത കൂടുതലല്ല.

## വിവാഹവും കുടുംബജീവിതവും

ഒരേ ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം ചില രാജ്യങ്ങളിൽ നിയമവിധേയമാണ്. വിവാഹം ഇക്കൂട്ടരുടെ മാനസികാരോഗ്യത്തെ സഹായിക്കുന്നുണ്ടെന്നും, പങ്കാളികളുടെ സംതൃപ്തിയിലോ, ബന്ധങ്ങളുടെ ആഴത്തിലോ, നീണ്ടുനില്പ്പിന്റെ കാര്യത്തിലോ ഇത്തരം വിവാഹങ്ങൾ സാധാരണ വിവാഹങ്ങളെക്കാൾ ഒട്ടും പിറകിലല്ലെന്നും പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

സ്വവർഗവിവാഹം കഴിച്ചവർ സന്താനോല്പാദനത്തിനായി ഗർഭപാത്രം കടമെടുക്കുക, ബീജദാനം തുടങ്ങിയ ആധുനികരീതികൾ കൂടുതലായി ഉപയോഗിച്ചു വരുന്നുണ്ട്. ഇവർ കുട്ടികളെ വളർത്തുന്നതിൽ ഒട്ടും പിറകിലല്ലെന്നും, ഇവരുടെ കുട്ടികളിൽ മറ്റുള്ളവരെ അപേക്ഷിച്ച് മാനസികപ്രശ്നങ്ങൾ കൂടുതലൊന്നുമല്ലെന്നും പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള ഗവേഷണഫലങ്ങൾ സൂചിപ്പിക്കുന്നു. ഇത്തരം കുട്ടികൾ പീഡിപ്പിക്കപ്പെടാനും സ്വവർഗാനുരാഗികളായിത്തീരാനുമൊക്കെ സാദ്ധ്യത കൂടുതലാണെന്ന ആശങ്കകളെയും പഠനഫലങ്ങൾ അസ്ഥാനത്താക്കുന്നുണ്ട്.

## പതിവ് മറുവാദങ്ങൾക്കുള്ള ഉത്തരങ്ങൾ

സ്വവർഗാനുരാഗത്തിന് സ്വീകാര്യത ലഭിക്കുന്നതും അതിനെക്കുറിച്ച് ചർച്ചകൾ നടക്കുന്നതും കൂടുതൽ ആളുകൾ അതിലേക്കു നീങ്ങാനിടയാക്കുമെന്ന വാദങ്ങൾക്ക് പഠനങ്ങളുടെ പിൻബലമില്ല. നേരത്തേ സൂചിപ്പിച്ചതു പോലെ ലൈംഗികാഭിമുഖ്യം ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ രൂപപ്പെടുന്നതാണ്. തങ്ങളുടെ ലൈംഗികാഭിമുഖ്യം അടക്കിപ്പൂട്ടിവെച്ച് ജീവിക്കുന്ന ചിലർക്ക് ബഹിർഗമനത്തിനുള്ള ധൈര്യം ലഭിക്കുക മാത്രമാണ് ഇങ്ങിനെയൊരു സ്വീകാര്യത കൊണ്ട് സംഭവിക്കുന്നത്.

സ്വവർഗാനുരാഗം നിയമവിധേയമാക്കുന്നത് എയിഡ്സ് പടർന്നു പിടിക്കാൻ കാരണമാകുമെന്ന വാദത്തിൽ കഴമ്പില്ല. ലോകത്തെ എയിഡ്സ് രോഗികളിൽ മഹാഭൂരിഭാഗവും സ്വവർഗാനുരാഗം നിയമവിരുദ്ധമായ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലാണ്. സ്വവർഗാനുരാഗം നിയമവിരുദ്ധമാകുന്നത് സ്വവർഗാനുരാഗികളുടെ ഇടയിൽ എയിഡ്സിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് തടസ്സമാകാറുമുണ്ട്.

സന്താനോല്പാദനം നടക്കാത്തതു കൊണ്ട് സ്വവർഗാനുരാഗം പ്രകൃതിവിരുദ്ധമാണെന്ന അഭിപ്രായമുള്ളവരുണ്ട്. ഈ മാനദണ്ഡം വെച്ച് ബ്രഹ്മചര്യവും സ്വയംഭോഗവുമെല്ലാം പ്രകൃതിവിരുദ്ധവും നിരോധിതവും ആകേണ്ടതാണ്.ഒരു മില്ലിലിറ്റർ ശുക്ലത്തിൽ ശരാശരി നാൽപ്പതു കോടി ബീജങ്ങളുണ്ട് എന്നിരിക്കെ, ഒരു പുരുഷൻ തന്റെ ജീവിതകാലത്ത് പുറംതള്ളുന്ന ബീജങ്ങളിൽ എത്ര ശതമാനത്തിന് സന്താനോല്പാദനം എന്ന "പ്രകൃതിദൌത്യം" നിർവഹിക്കാനാകും എന്നും ആലോചിക്കേണ്ടതാണ്.

ഡോ. ഷാഹുൽ അമീൻ എം.ഡി.,
എക്സിക്ക്യൂട്ടീവ് എഡിറ്റർ, www.manasikarogyam.com